**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144</u>** **<u>09-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഐസൊലേഷൻ വാർഡ് നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു. നിലവിൽ പില്ലർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്ലിന്ത് ബീം കോൺക്രീറ്റ് പൂർത്തിയാക്കി, ഫാബ്രിക്കേഷനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തി 2023 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഷൊർണ്ണൂർ നഗരസഭയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കോവിഡ് മഹാമാരിയെ തുടർന്ന് നിർത്തിവെച്ച ഐ.പി. ചികിത്സകൾ എന്ന് മുതൽ പുനരാരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ഷൊർണ്ണൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 2020 വരെ കിടത്തി ചികിത്സ പ്രവർത്തിച്ചിരുന്നതാണ്. കോവിഡ് മഹാമാരിയെ തുടർന്ന് നിർത്തി വച്ച കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനായി 14.12.2022 ലെ ആശുപത്രി വികസന സമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം മുഖേന സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർത്തിവെച്ച ഐ.പി. ചികിത്സകൾ പുനരാരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ